# ആലോചനാമൃതങ്ങൾ

**അബു ഇരിങ്ങാട്ടിരി**

**നബി ശിഷ്യന്മാരോട് പറഞ്ഞ കഥകളിൽനിന്ന്:**

### 1. ദാഹം

അതിഭയങ്കരമായ ദാഹത്താൽ ഒരു നായ കിണറ്റിൻ കരയിലെ നനഞ്ഞുകുതിർന്ന മണ്ണ് നക്കിത്തിന്നുന്നത് ഒരു വേശ്യ കാണാനിടയായി. അവൾക്ക് ആ ജീവിയോട് കരുണയും അലിവും തോന്നി. പക്ഷേ, അന്നേരം ആ ജീവിക്കൊരിറ്റ് തെളിനീർ കൊടുക്കാൻ അവൾക്കായില്ല. ചുറ്റും പൊള്ളുന്ന ചൂട്. തൊട്ടരികിലൊന്നും യാതൊരു ആളനക്കവുമില്ല. അവൾ പലതും ചിന്തിച്ചു. അതിനവസാനം പെട്ടെന്ന് അവൾക്കൊരു കൗശലം തോന്നി.

വേശ്യ തന്റെ ചെരിപ്പഴിച്ചു. പിന്നെ വളരെ ധൃതിയിൽ ശിരോവസ്ത്രത്തിൽ ചെരിപ്പുകെട്ടി. എന്നിട്ട് കിണറ്റിലേക്കിറക്കി വെള്ളം കോരിയെടുത്ത് വിശന്നു വലഞ്ഞ നായക്ക് കൊടുത്തു.

നായ ആർത്തിയോടെ വെള്ളം കുടിച്ചു. അതോടെ ആ വേശ്യയുടെ സകലമാന പാപങ്ങളും അല്ലാഹു പൊറുത്തു കൊടുത്തു.

### 2. ദാനം

ഒരാൾ ജനങ്ങളോട് പറഞ്ഞു: "ഞാനിന്ന് തീർച്ചയായും ദാനം ചെയ്യും". ഇതും മൊഴിഞ്ഞ് അയാൾ നടന്നു. അയാൾ നിനച്ചതുപോലെത്തന്നെ അന്നയാൾ ദാനം നൽകുകയും ചെയ്തു. പക്ഷേ, ഒരു കള്ളന്നായിരുന്നു അയാൾ ദാനം നൽകിയത്.... അതറിഞ്ഞ ജനം പറഞ്ഞു: 'അയാൾ കള്ളനാണത്രെ ദാനം നൽകിയത്. ആരെങ്കിലും കള്ളന് ദാനം കൊടുക്കുമോ? അതുകൊണ്ടെന്ത് പ്രയോജനമാണുള്ളത്?'

അതു കേട്ടപ്പോൾ അയാൾ പ്രതികരിച്ചു: 'അല്ലാഹുവേ നിനക്ക് സർവ സ്തുതിയും. ഞാനിന്നും ദാനം ചെയ്യും.'

അങ്ങനെ പിറ്റേന്നും അയാൾ ദാനം കൊടുത്തു. അതും വളരെയേറെ ഒച്ചപ്പാടുകളുണ്ടാക്കി. കാരണം അന്നയാൾ ദാനം നൽകിയത് ഒരു വേശ്യക്കായിരുന്നു.

അതറിഞ്ഞതോടെ ജനത്തിന്റെ പരിഹാസംകൂടി. അവർ അയാൾക്കു പിറകിൽ അയാളെ കളിയാക്കിക്കൊണ്ട് പറഞ്ഞു: 'വേശ്യക്ക് ദാനം നൽകിയവൻ! ഹാ.. എന്തൊരു വിചിത്രനായ ധർമിഷ്ഠൻ!'

അയാൾ സഹിച്ചു. ക്ഷമിച്ചു. അല്ലാഹുവിനെ സ്തുതിച്ചു. എന്നിട്ടും അയാൾ തന്റെ കർമം നിർത്തിയില്ല. പിറ്റേന്നും അയാൾ ദാനം ചെയ്യാനായി പുറത്തിറങ്ങി. ദൗർഭാഗ്യത്തിനോ ഭാഗ്യത്തിനോ എന്നറിയില്ല, അന്നയാൾ ഒരു പണക്കാരനെയാണ് കണ്ടത്. അയാൾ അന്നത്തെ ദാനം ആ പണക്കാരന് നൽകി. ഇതുകൂടിയറിഞ്ഞപ്പോൾ ജനം പരിഹാസത്തിന്റെ ഉച്ചിയിലെത്തി അയാളെ കുഴക്കാൻ തുടങ്ങി. അയാളിൽ അസ്വസ്ഥത നിറഞ്ഞു. അയാൾ എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങവെ, ജനം ഒന്നിച്ച് അയാളെ നോക്കി കൂവി: 'കള്ളനും വേശ്യക്കും പണക്കാരനും ദാനം നൽകിയ മൂഢൻ.' അപ്പോഴും അയാൾ ക്ഷമിച്ചു. പിന്നെ അയാൾ സർവശക്തനായ അല്ലാഹുവിനോട് മനംനൊന്ത് പറഞ്ഞു: കള്ളനും വേശ്യക്കും പണക്കാരനും ദാനം ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. അല്ലാഹുവേ, നിനക്ക് സ്തുതി!

അതു കേട്ടപ്പോൾ ഒരാൾ ഇടയിൽ കയറി വന്ന് പതുക്കെപ്പറഞ്ഞു: 'വളരെ നല്ല കാര്യമാണ് നിങ്ങൾ ചെയ്തത്. നിങ്ങളുടെ ദാനം മൂലം കള്ളൻ കളവിൽനിന്നും വേശ്യ വേശ്യാവൃത്തിയിൽനിന്നും പിന്തിരിഞ്ഞേക്കാം. പണക്കാരനാണെങ്കിൽ അതൊരു പാഠവുമായിരിക്കും. കാരണം, നാളെ അയാളും ദാനം ചെയ്യാൻ അത് ഇടയാക്കിയേക്കും.'

### 3. മരണം

അന്ത്യനാളിൽ സ്വർഗത്തിലേക്ക് തടിച്ച ഒരാടിനെ കൊണ്ടുവന്ന് ഒരാൾ ജനങ്ങളോട് വിളിച്ചു ചോദിക്കും: 'സ്വർഗവാസികളേ... നിങ്ങൾക്കാർക്കെങ്കിലും ഈ ആടിനെ പരിചയമുണ്ടോ?'

സ്വർഗവാസികൾ ആടിനെ സൂക്ഷിച്ചുനോക്കും. അവർ അതിനെ തിരിച്ചറിയും. അപ്പോൾ അവർ ഒന്നിച്ച് പറയും: 'ഉണ്ട്, ഞങ്ങൾക്കിതിനെ അറിയാം. ഇത് മരണമാകുന്നു'.

ആ ഉത്തരം കേട്ടാൽ അയാൾ നരകവാസികൾക്കു നേരെ തിരിഞ്ഞു ചോദിക്കും: 'നരകവാസികളേ... നിങ്ങൾക്കിതിനെ പരിചയമുണ്ടോ?'

നരകച്ചൂടിൽ കിടന്ന് ഞെരിപിരി കൊള്ളുന്ന അവരും ആടിനെ തുറിച്ചു നോക്കും. പിന്നെ അവരും പറയും: 'ഉണ്ട്. ഇത് മരണമാണ്. തീർച്ച.' അതു കേട്ട് കഴിഞ്ഞാൽ അയാൾ ആ ആടിനെ അറുക്കുകയും പിന്നെ ഇങ്ങനെ വിളിച്ചുപറയുകയും ചെയ്യും: 'സ്വർഗവാസികളേ, നിങ്ങളുടെ ജീവിതം ഇനിമേൽ ശാശ്വതമായിരിക്കും. നിങ്ങൾക്കിനി മരണമില്ല. നരകവാസികളേ, നിങ്ങളുടെ ജീവിതവും ശാശ്വതമായിരിക്കും... നിങ്ങൾക്കും ഇനി മരണമില്ല.'

### 4. വിദ്യ

ഒരു കോപ്പ പാൽ നബിക്ക് കിട്ടിയതായും നബി ആ പാൽ ആർത്തിയോടെ കുടിച്ചതായും അപ്പോൾ ദാഹം തീർന്നതിന്റെ കുളിർമ തന്റെ നഖങ്ങൾ വരെ വ്യാപിച്ചതായും സ്വപ്നം കണ്ടെന്ന് നബി പറഞ്ഞു. അതു കേട്ട നബി ശിഷ്യർ ചോദിച്ചു: 'ഈ സ്വപ്നത്തിന്റെ അർഥമെന്താണ്?'

നബി പറഞ്ഞു: 'ആ പാൽ വിദ്യയാണ്.'

### 5. ബലിമൃഗം

ഒരാൾ ഹജ്ജിന് പോകുമ്പോൾ ഒട്ടകത്തെ തെളിച്ച് നടക്കുകയായിരുന്നു. ഇത് കണ്ടപ്പോൾ നബി പറഞ്ഞു: 'നിങ്ങൾ ഒട്ടകത്തിന്റെ പുറത്തു കയറി യാത്ര ചെയ്യൂ.'

അയാൾ മറുപടി പറഞ്ഞു: 'ഇതൊരു ബലിമൃഗമാണ്'.

നബി വീണ്ടും പറഞ്ഞു: 'അതിന്റെ പുറത്തുകയറി യാത്ര ചെയ്യൂ.'

'ഇത് ബലിമൃഗമാണ്'.

നബിക്കത് കേട്ടപ്പോൾ വല്ലാത്ത ദേഷ്യം തോന്നി. നബി കുറഞ്ഞൊരു ദേഷ്യത്തോടെ പറഞ്ഞു: 'നാശം! നിങ്ങളതിന്റെ പുറത്തുകയറി യാത്ര ചെയ്യൂ. അതാണുത്തമം'.